# ACADEMIC MASTER PLAN
## S·D·V·L·P·S MARADU

### അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | SDVLPS, MARADU |
| വിലാസം | - | Maradu·P·O<br>Ernakulam - 682304 |
| ഫോൺ | - | 9895026558 |
| സ്കൂൾകോഡ് | - | 26423 |
| വിദ്യാഭ്യാസ ഉപജില്ല | - | തൃപ്പൂണിത്തുറ |
| വിദ്യാഭ്യാസ ജില്ല | - | എറണാകുളം |
| റവന്യു ജില്ല | - | എറണാകുളം |
| ബി.ആർ.സി | - | തൃപ്പൂണിത്തുറ |
| സി.ആർ.സി | - | മരട് |
| മുൻസിപ്പാലിറ്റി | - | മരട് |
| നിയമസഭാ മണ്ഡലം | - | തൃപ്പൂണിത്തുറ |
| ലോകസഭാ മണ്ഡലം | - | എറണാകുളം |
| താലൂക്ക് | - | കണയന്നൂർ |
| വില്ലേജ് | - | മരട് |
| ഇ.മെയിൽ | - | sdvlpsmaradu@gmail.com |

# ആമുഖം

മരട് മുൻസിപ്പാലിറ്റിയുടെ കിഴക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ശ്രീദേവിവിലാസം ലോവർ പ്രൈമറി സ്കൂളിന് 76 വർഷത്തെ പഴക്കമുണ്ട്. 1949ൽ ആരംഭിച്ച ഈ വിദ്യാലയം ഒട്ടേറെ സാമൂഹിക സാംസ്കാരിക പരിവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ആയിരങ്ങളെ അക്ഷരലോകത്തിലേക്ക് ആനയിച്ചതിലൂടെ സാമൂഹിക പുരോഗതിയിൽ ഈ വിദ്യാലയം വഹിച്ച പങ്ക് ശ്ലാഘനീയമാണ്.

## ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സുവരെ വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ
2. ഭൗതിക സൗകര്യം വർധിപ്പിച്ചുകൊണ്ട് വിദ്യാലയത്തിന്റെ അക്കാദമിക മികവ് ഉയർത്തൽ
3. വിവിധ പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും അധ്യയനം രസപ്രദമാക്കൽ.
4. സാമൂഹിക പങ്കാളിത്തം ലഭ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കൂടുതൽ കുട്ടികളെ വിദ്യാലയത്തിലേക്ക് എത്തിക്കുന്നു.

# വിദ്യാലയത്തിന്റെ ചരിത്രം

എറണാകുളം വിദ്യാഭ്യാസജില്ലയിലെ ഉപജില്ലയായ തൃപ്പൂണിത്തുറയിൽ നിന്നും ഏകദേശം 2 കി.മീ പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന മരട് മുൻസിപ്പാലിറ്റിയിൽപ്പെട്ട ഒരു പ്രൈമറി വിദ്യാലയമാണ് ശ്രീദേവി വിലാസം ലോവർ പ്രൈമറി സ്കൂൾ. 1949ൽ പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം ഇപ്പോൾ 76 വർഷം പിന്നിട്ടു കഴിഞ്ഞു.

1949 കാലഘട്ടത്തിൽ മരട് ശ്രീദേവി വിലാസം ലോവർ പ്രൈമറി സ്കൂൾ സ്ഥാപിക്കുന്നതിൽ മുഖ്യപങ്കു വഹിച്ച ഒരു മഹാനായിരുന്നു അന്നത്തെ കാലഘട്ടത്തിലുണ്ടായിരുന്ന അഞ്ചൽ മാസ്റ്ററായി ഉദ്യോഗത്തിൽ പ്രവേശിച്ച ബഹുമാന്യനായ ശ്രീ. വെങ്കബാഹുറാവു. ശ്രീ. കേളുമാസ്റ്റർക്കുശേഷം ശ്രീ. വെങ്കബാഹുറാവു പ്രധാന അധ്യാപകസ്ഥാനം ഏറ്റെടുത്തു. അതിനുശേഷം ധാരാളം പിൻഗാമികൾ ഹെഡ്മാസ്റ്റർമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ശ്രീ വെങ്കബാഹുറാവു മാസ്റ്ററുടെ മകനായ ശ്രീ. വി. രാമചന്ദ്രന്റെ മാനേജ്മെന്റിൽ ശ്രീദേവി വിലാസം സ്കൂൾ ഇന്നും നിലനിന്നു പോരുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

1. അക്കാദമികവും ഭൗതികവുമായ അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ശിശുസൗഹൃദപരമായ വിദ്യാലയമാണ് ലക്ഷ്യം.
2. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
3. ഓരോ വിദ്യാർത്ഥിയും ഈ സമൂഹത്തിന്റെ ഭാഗമാണെന്ന സാമൂഹിക അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും ജീവിതമൂല്യങ്ങളും ശരിയായ മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. നാടിനും നാട്ടുകാർക്കും ക്ഷേമവും പുരോഗമനവും ഉറപ്പാക്കും വിധമുള്ള ഗവേഷണാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് കുട്ടികളെ സജ്ജമാക്കുക
5. വിദ്യാലയത്തിന്റെ പുരോഗതിക്കായി സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | കമ്പ്യൂട്ടർ ലാബ് | പൂർവ്വ വിദ്യാർത്ഥി സംഗമം |
| വായന പരിപോഷണം | പുതിയ ക്ലാസ്മുറികൾ | പൂർവ്വാധ്യാപക സംഗമം |
| ICT പരിശീലനം | | അങ്കണവാടി കലോത്സവം |
| ഇംഗ്ലീഷ് പഠന പരിപോഷണം | | Corner PTA |
| ഗണിതശേഷി വികസനം | | |
| ഗണിതലാബ് - ഗണിത പഠനം സുഗമമാക്കൽ | | |
| Corner PTA | | |
| സയൻസ് കോർണർ | | |
| പരിസ്ഥിതി ക്ലബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | | |
| ദിനാചരണങ്ങൾ | | |
| ജൈവവൈവിധ്യ ഉദ്യാനം ആകർഷകമാക്കൽ | | |
| ശാസ്ത്രാഭിരുചി വളർത്തൽ | | |

# പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. SRG യോഗത്തിൽ വികസന രേഖയുടെ ലക്ഷ്യങ്ങൾ അവതരിപ്പിക്കൽ
2. ഭൗതികവും അക്കാദമികവുമായ വികസനാവശ്യങ്ങൾ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
3. കരട് രൂപരേഖ P.T.A, S.S.G, MPTA തുടങ്ങിയ യോഗത്തിൽ അവതരിപ്പിക്കൽ
4. യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. P.T.A യുടെ നേതൃത്വത്തിൽ ക്രോഡീകൃത വികസന രേഖ തയ്യാറാക്കൽ.

പേര് - ഭാഷാശേഷി വികസനം

മേഖല - അക്കാദമികം

<u>മലയാളം</u>

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ചിഹ്നങ്ങൾ, അക്ഷരങ്ങൾ ഇവ ഉറപ്പിക്കൽ, അക്ഷര കാർഡുകൾ, അക്ഷരകേളി<br>വാക്കുകൾ എഴുതിയ കാർഡുകൾ നൽകി വാക്യനിർമ്മാണം, അടിക്കുറിപ്പ് തയ്യാറാക്കൽ, സൂചനകളിൽ നിന്ന് കഥയുണ്ടാക്കി പറയൽ, ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | 6 മാസം | ക്ലാസ് ടീച്ചർ |
| 2 | കുട്ടികളിൽ വായന മെച്ചപ്പെടുത്തൽ | ക്ലാസ്മുറിയിൽ വായനാമൂല സജ്ജീകരിക്കൽ<br>ക്ലാസ്‌ലൈബ്രറി നവീകരണം<br>പത്രവായന, വായനാക്കുറിപ്പ് തയ്യാറാക്കൽ<br>വിദ്യാരംഗം കലാസാഹിത്യവേദി | 1 വർഷം | ക്ലാസ് ടീച്ചർ |

## മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 3 | കുട്ടികളിലെ എഴുത്തുവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും അവരെ മികച്ച എഴുത്തുകാരനാക്കുന്നതിനും | ക്ലാസ് ലൈബ്രറി, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കൽ<br>കഥ വികസിപ്പിക്കൽ<br>കവിത പൂർത്തിയാക്കൽ<br>പതിപ്പ് തയ്യാറാക്കൽ<br>രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ | 1 വർഷം | ക്ലാസ്സ്ടീച്ചർ |

പേര് - ഇംഗ്ലീഷ് പഠന പരിപോഷണം
മേഖല - അക്കാദമികം

ഇംഗ്ലീഷ്

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ICT സാധ്യതകൾ പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് അനായാസം വായിക്കുന്നതിനു വേണ്ട ശേഷി കൈവരിക്കൽ | ആഴ്ചയിൽ 2 ദിവസം smart class ൽ കൊണ്ടുപോയി ഇംഗ്ലീഷ് അക്ഷരമാലയിലെ ഓരോ അക്ഷരങ്ങളുടേയും ശബ്ദം കേൾപ്പിക്കുന്നു. തുടർന്ന് അവ ചേർന്നു വരുന്ന വാക്കുകൾ വായിക്കുവാൻ അവസരം ഒരുക്കുന്നു. | 1 മാസം | ക്ലാസ്സ് ടീച്ചർ |
| 2 | ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനുള്ള കൂടുതൽ അവസരങ്ങൾ ഒരുക്കൽ | ICT പ്രയോജനപ്പെടുത്തി English stories (short) കേൾക്കുന്നതിന് അവസരം ഒരുക്കുന്നു | 1 വർഷം | ക്ലാസ്സ് ടീച്ചർ |

## ഇംഗ്ലീഷ്

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 3 | Rhymes കേൾക്കുകയും പാടുകയും ചെയ്യുന്നതിലൂടെ English pronounciation, rhythm, stress, intonation എന്നിവ സ്വായത്തമാക്കൽ | Rhymes കേൾക്കുന്നതിനും പാടി ചുവടുകൾ വയ്ക്കുന്നതിനും അവസരം ഒരുക്കൽ | 1 വർഷം | ക്ലാസ്സ് ടീച്ചർ |
| 4 | ഇംഗ്ലീഷിലുള്ള ലഘുനിർദേശങ്ങൾ കേൾക്കുന്നതിനും അനുസരിച്ച് പ്രവർത്തിക്കുന്നതിനുമുള്ള ശേഷി ആർജ്ജിക്കൽ | കുട്ടികളെ indoor/outdoor games കളിപ്പിക്കുന്നു. ഇംഗ്ലീഷിൽ നിർദേശങ്ങൾ നൽകുന്നു. | 1 വർഷം | ക്ലാസ്സ് ടീച്ചർ |
| 5 | Conversation, stories എന്നിവ കേട്ട് അതിലെ dialogue അഭിനയിച്ചു കാണിക്കുന്നു | Conversation, stories എന്നിവ കാണുന്നതിനും കേൾക്കുന്നതിനും അവസരം നൽകുന്നു. തുടർന്ന് അവ അഭിനയിച്ച് അവതരിപ്പിക്കുന്നു | 1 വർഷം | ക്ലാസ്സ് ടീച്ചർ |

പേര് - ശാസ്ത്രപോഷണ പരിപാടി

മേഖല - അക്കാദമികം

E.V.S

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെടൽ (സയൻസ് കോർണർ) | പ്രശ്നപരിഹരണത്തിനാവശ്യമായ പരീക്ഷണത്തിലേർപ്പെടൽ, പരീക്ഷണം സ്വന്തമായി ആസൂത്രണം ചെയ്യൽ, ഉപകരണങ്ങൾ സ്വന്തമായി കൈകാര്യം ചെയ്യൽ | 1 വർഷം | ക്ലാസ്സ് ടീച്ചർ |
| 2 | പരിസ്ഥിതി ക്ലബ്ബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | കുട്ടി നിർമ്മിക്കുന്ന ഉപകരണങ്ങൾ, പരീക്ഷണങ്ങൾ, പ്രോജക്ട് റിപ്പോർട്ട് ഇവ അവതരിപ്പിക്കുന്നതിനുള്ള വേദിയായി പരിസ്ഥിതി ക്ലബ്ബിനെ മാറ്റിയെടുക്കൽ | 1 വർഷം | HM<br>ക്ലാസ്സ് ടീച്ചർ |
| 3 | ദിനാചരണങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | | |
| 4 | ജൈവ വൈവിധ്യ ഉദ്യാനം സജ്ജീകരിക്കൽ. പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിലെ ജൈവവൈവിധ്യ ഉദ്യാനം ആകർഷകമാക്കൽ | 1 വർഷം | P.T.A<br>S.S.G<br>SRG |

പേര് - ഗണിതശേഷി വികസനം
മേഖല - അക്കാദമികം

ഗണിതം

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ഗണിതം ആസ്വാദ്യകരവും രസകരവുമാക്കുന്നതിന് | കളികളിലൂടെയുള്ള ഗണിത പഠനം, പസിലുകൾ, ഗണിത പാഠങ്ങൾ രൂപീകരണം | 3 മാസം | ക്ലാസ്സ്ടീച്ചർ |
| 2 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | പരിസരബന്ധിതമായതും രസകരവുമായ തനതു പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | 3 മാസം | ക്ലാസ്സ്ടീച്ചർ |
| 3 | പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് | നിത്യജീവിതവുമായി ബന്ധപ്പെട്ടുവരുന്ന പ്രായോഗിക പ്രശ്നങ്ങൾ ക്ലാസിൽ ഒരുക്കി പ്രശ്നാപഗ്രഥനം സാധ്യമാക്കുന്നു | 3 മാസം | ക്ലാസ്സ്ടീച്ചർ |
| 4 | ഗണിതലാബ് - ഗണിത പഠനം സുഗമമാക്കൽ | പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഗണിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു. അതിന്റെ ഫലമായി രൂപപ്പെടുന്ന ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നു വൈദിക് മേള | 1 വർഷം | Class teacher<br>PTA<br>SRG |

# ഗണിതം

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 5 | ഗണിതകിറ്റ് പ്രയോജനപ്പെടുത്തൽ. നിർമ്മാണപ്രവർത്തനങ്ങളിൽ കുട്ടികളുടെയും P.T.A യുടെയും പങ്കാളിത്തം ഉറപ്പാക്കൽ | സ്കൂളിൽ ലഭിച്ചിരിക്കുന്ന ഗണിതകിറ്റുകൾ പ്രയോജനപ്പെടുത്തൽ. വിദ്യാർത്ഥികളുടെയും PTA യുടെയും പങ്കാളിത്തം ഉറപ്പാക്കൽ | 1 വർഷം | P.T.A Class tr. |

## മേഖല - ഭൗതികം

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | കമ്പ്യൂട്ടർ ലാബ് - എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പഠനം സാധ്യമാക്കൽ | ഒരേ സമയം എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പഠനം സാധ്യമാക്കുന്നതിന് ഒരു ക്ലാസ്സ്റൂം കമ്പ്യൂട്ടർ ലാബ് ആയി മാറ്റുക | 6 മാസം | സ്പോൺസർഷിപ്പ് |
| 2 | ഡൈനിംഗ് ഹാൾ - ശുചിത്വം+ ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | 6 മാസം | സ്പോൺസർഷിപ്പ് |
| 3 | പുതിയ ക്ലാസ്സ്മുറികൾ | നിലവിലുള്ള ക്ലാസ്സ്മുറികൾ പഴക്കമുള്ളതിനാൽ 1 മുതൽ 4 വരെ ക്ലാസ്സുകൾക്കായി പുതിയ ക്ലാസ്സ്മുറികൾ | 1 വർഷം | സ്പോൺസർഷിപ്പ് |

## മേഖല - സാമൂഹികം

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ - സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളെ വിളിച്ചുചേർത്ത് വിദ്യാലയത്തിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത അവതരിപ്പിക്കൽ / ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | SSG<br>PTA |
| 2 | പൂർവ്വാധ്യാപക സംഗമം - സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിൽ ഒരിക്കൽ | SRG |
| 3 | അങ്കണവാടി കലോത്സവം - സമൂഹപങ്കാളിത്തം, നവാഗതർക്ക് വിദ്യാലയത്തെ അടുത്തറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ 1 പ്രാവശ്യം | PTA<br>SRG |

# പ്രതീക്ഷിത നേട്ടങ്ങൾ

1. മികച്ച ഭൗതികാന്തരീക്ഷവും അക്കാദമികാന്തരീക്ഷവും സൃഷ്ടിക്കപ്പെടുന്നു.
2. പൊതുവിദ്യാലയം സമൂഹത്തിന്റേതുകൂടിയാണെന്ന ചിന്ത ഉണ്ടാകുന്നു
3. സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭിക്കുന്നു.
4. ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു
5. സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു
6. കുട്ടികൾ അക്കാദമികമായി മികച്ച നിലവാരത്തിലേക്ക് ഉയരുന്നു.

# ഉപസംഹാരം

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും, പരിഷ്കരിച്ച മൂല്യനിർണ്ണയ രീതിശാസ്ത്രം സമഗ്രമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, സാങ്കേതിക വിദ്യ, സൗഹൃദ ക്ലാസ്സും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---